**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3038.** **07.12.2018 ൽ മറുപടിയ്ക്ക്**

**മദ്യത്തിനും മയക്കുമരുന്നിനും എതിരെ ബോധവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബോധവൽക്കരണവും നിയമ നടപടികളും കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. ലഹരി ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് മിഷന്റെ പ്രധാന ദൗത്യം. നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ലക്ഷ്യമിടുന്നു. ഡീ അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ലഹരിക്കടിമപ്പെട്ടവരെ അതിൽ നിന്നും മോചിപ്പിക്കുക എന്നതും വിമുക്തി മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പെടുന്നു<br><br>ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, എക്സൈസ് |

| | | | |
|---|---|---|---|
| | | | ഓഫീസുകൾ എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ലഹരിക്കെതിരായ പരാതികൾ അറിയിക്കുന്നതിനായി നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എക്സൈസിനുകീഴിൽ ഡീ-അഡിക്ഷൻ സെന്റർ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ? | (ബി) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.<br>കൂടാതെ ലഹരിക്കടിമകളായ വ്യക്തികളെ ചികിത്സിക്കുന്നതിനും, പുനരധിവാസത്തിനുമായി ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ എല്ലാ ആധുനിക സൗകര്യങ്ങളും ഉൾക്കൊള്ളുന്ന ഒരു മാതൃകാ ലഹരി മോചന കേന്ദ്രം വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**